**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2173</u>** **<u>12-02-2024 - ൽ മറുപടിയ്ക്ക്</u>**

**<u>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യചെയ്ത സംഭവം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവത്തിൽ കുറ്റക്കാർക്കെതിരെ ആത്മഹത്യ പ്രേരണ കുറ്റം ഉൾപ്പെടെ ചുമത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) | പരവൂർ മുനിസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവത്തിൽ അസ്വാഭാവിക മരണത്തിന് പരവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 119/2024 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. 24.01.2024-ലെ കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തിവരുന്നു. |
| (ബി) | നിയോഗിക്കപ്പെട്ട ജോലി ചെയ്യാത്ത സഹപ്രവർത്തകനെയും അതിന് പിന്തുണ നൽകുന്നവരെയും ചോദ്യം ചെയ്തതിനെ തുടർന്ന് അവരിൽ നിന്നും ഉണ്ടായ മാനസിക പീഡനം താങ്ങാനാവാതെയാണ് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ ആത്മഹത്യ പ്രേരണാ കുറ്റത്തിന് കേസ് എടുക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടോ എന്ന കാര്യത്തിൽ വകുപ്പുതല അന്വേഷണം നടന്നുവരുന്നു. ആരോപണവിധേയരായ ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ